DESPATCHED
On...15/02/22.........

4/2/22

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No. 1794(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ: 15663/SIC-G4/2021)**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി : 2022 ഫെബ്രുവരി 4**

ശ്രീ. കെ. വേണുകുമാർ,
അമൃതം, റ്റി.സി.4/2369, വി.എച്ച്-348,
പട്ടം പി.ഒ., തിരുവനന്തപുരം – 695 004. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്,
വാട്ടർ സപ്ലൈ സബ് ഡിവിഷൻ,
ആറ്റിങ്ങൽ, തിരുവനന്തപുരം – 695 101.

2) അപ്പീൽ അധികാരി & സൂപ്രണ്ടിംഗ് എഞ്ചിനീയർ,
സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയം,
കേരള വാട്ടർ അതോറിറ്റി,
പബ്ലിക് ഹെൽത്ത് സർക്കിൾ, തിരുവനന്തപുരം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 15/04/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 12/05/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 08/07/2021, 18/8/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 23/07/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 29/11/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 30/11/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 09/12/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 21/12/2021 |
| ഹിയറിംഗ് നടന്ന തീയതി | 01/02/2022 –(വീഡിയോ/ ഓഡിയോ ഹിയറിംഗ്) |
| ഹിയറിംഗ് സാന്നിദ്ധ്യം :അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. കെ.വേണുകുമാർ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ ആറ്റിങ്ങൽ വാട്ടർ സപ്ലൈ സബ് ഡിവിഷൻ എസ്.പി.ഐ.ഒ. മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും നൽകുന്നതിനുപകരം തെറ്റായതും, വസ്തുതാവിരുദ്ധവും, അപൂർണ്ണവും തെറ്റിദ്ധാരണജനകവുമായ മറുപടിയാണ് നൽകിയതെന്നും ടി

മറുപടിയ്ക്കെതിരെ സമർപ്പിച്ച ഒന്നാം അപ്പീലിനും അതേ രീതിയിലുള്ള തെറ്റായ മറുപടിയാണ് നൽകിയതെന്നും വാട്ടർ സപ്ലൈ റഗുലേഷനു വിരുദ്ധവുമായ മറുപടി മന:പൂർവ്വം കാലതാമസം വരുത്തി എതിർകക്ഷികൾ നൽകിയിട്ടുള്ളതിനാൽ ടിയാന്റെ അപേക്ഷയിന്മേൽ നൽകിയ മറുപടിയും അപ്പീലിൻമേൽ നൽകിയ മറുപടിയും തികച്ചും വിവരാവകാശ നിയമത്തിന്റെ ലംഘനമാണെന്നും ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ മേൽ കർശനനടപടികൾ സ്വീകരിച്ച് ശരിയായ വിവരങ്ങൾ നൽകാനുള്ള നടപടി ഉണ്ടാകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, AMC/8775/N എന്ന നോൺ ഡൊമസ്റ്റിക് വാട്ടർ കണക്ഷനുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങളും രേഖകളും സാക്ഷ്യപ്പെടുത്തി നൽകണമെന്നാണ്:

i. AMC/8775/N എന്ന ഡൊമസ്റ്റിക് കണക്ഷനുമായി ബന്ധപ്പെട്ട് ബഹു. ലോക് അദാലത്തിൽ കൺസ്യൂമർ നൽകിയ ഒ.പി.നം.15/19 വാദികൾ പിൻവലിച്ച സാഹചര്യത്തിൽ കേസ് 16.3.2021–ൽ dismissed as withdrawn എന്ന് തീർപ്പ് കൽപ്പിച്ച ഓർഡർ അസിസ്റ്റന്റ് എഞ്ചിനീയർ വാട്ടർ സപ്ലൈ സെക്ഷൻ നം.1–ന് ലഭിച്ചിട്ടുണ്ടോ എന്നും

ii. ലോക് അദാലത്തിലെ ഒ.പി.നം.15/19–ൽ 18.10.2019–ൽ ഒന്നാം എതിർകക്ഷിയായ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ വസ്തുതാവിവരണ പത്രികയിൽ 6–ാം ഖണ്ഡികയിൽ പറയും പ്രകാരം മേൽ പറഞ്ഞ കാര്യങ്ങൾ കേരള വാട്ടർ അതോറിട്ടിയിൽ നിന്നും മറച്ചു വച്ചുകൊണ്ട് "മേൽ പറഞ്ഞ കണക്ഷൻ വിച്ഛേദിക്കേണ്ടതുണ്ട് പുതിയ ബോറിംഗ് പോയിന്റോടുകൂടി പുതിയ കണക്ഷൻ എടുക്കാവുന്നതാണെന്നും" ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ AMC/8775/N എന്ന അനധികൃത കണക്ഷൻ ഡിസ്കണക്ട് ചെയ്തോ എന്നും

iii. AMC/8775/N എന്ന കണക്ഷൻ ഡിസ്കണക്ട് ചെയ്തെങ്കിൽ ഡിസ്കണക്ട് ചെയ്ത തീയതി എന്നാണെന്ന വിവരം നൽകണമെന്നും ഡിസ്കണക്ട് ചെയ്ത പോയിന്റ് എവിടെയാണെന്നും മറ്റുമായി 11 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 12.05.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ പരാമർശിച്ച വാട്ടർ കണക്ഷനുമായി യാതൊരു ബന്ധവുമില്ലാത്ത ചോദ്യങ്ങൾ ബഹു. പെർമനെന്റ് ലോക് അദാലത്തിൽ കേസ് നിലനിൽക്കുന്നതിനാൽ വിവരങ്ങൾ തരുന്നതിനു നിയമപരമായ തടസ്സങ്ങൾ ഉള്ളതിനാൽ രേഖകൾ കൈമാറാൻ കഴിയില്ല എന്നാണ്. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 08.7.2021 തീയതി സമർപ്പിച്ച അപ്പീലിന് 23.7.2021-ന് രണ്ടാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

4. ഒന്നാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. വിശ്വനാഥൻ റൂബി കോട്ടേജ്, ആറ്റിങ്ങൽ എന്നയാൾ ആറ്റിങ്ങൽ മുനിസിപ്പൽ ബസ് സ്റ്റാന്റിനു മുൻ വശത്തുള്ള എച്ച്.എസ്. ബേക്കറിയിലേക്ക് നോൺ ഡൊമസ്റ്റിക് കണക്ഷന് വേണ്ടി അപേക്ഷ നൽകിയതിനെ തുടർന്ന് നടത്തിയ പരിശോധനയിൽ നാഷണൽ ഹൈവേ മുറിച്ചാൽ മാത്രമേ കണക്ഷൻ നൽകാൻ കഴിയുകയുള്ളു എന്ന് കണ്ടെത്തിയെന്നും തുടർന്ന് അദ്ദേഹത്തിന്റെ തന്നെ ഉടമസ്ഥതയിലുള്ള മറ്റൊരു കണക്ഷനായ AMC/3864/N എന്ന കണക്ഷനിൽ നിന്നും അദ്ദേഹത്തിന്റെ സമ്മതത്തോട് കൂടി എച്ച്.എസ്. ബേക്കറിയിലേക്ക് 26.3.2019-ൽ AMC/8775/N എന്ന പുതിയ കണക്ഷൻ അനുവദിച്ചു എന്നും തുടർന്ന് ഡോ. ഗോപിനാഥൻ നായർ കെ.ജി., ശ്രീഗോവിന്ദം, വി.എച്ച് 344, പട്ടം പി.ഒ., തിരുവനന്തപുരം എന്നയാൾ അദ്ദേഹത്തിന്റെ കണക്ഷനായ AMC/121/N എന്ന പുതിയ കണക്ഷനിൽ നിന്നുമാണ് 1996-ൽ ശ്രീ.വിശ്വനാഥന് AMC/3864/N ലേക്ക് കണക്ഷൻ നൽകിയതെന്നും തുടർന്ന് ഇതിൽ നിന്നും പുതിയ കണക്ഷൻ കൂടി നൽകിയാൽ ഡോ. ഗോപിനാഥൻ നായർക്ക് ജല ലഭ്യത കുറയുമെന്നും അറിയിച്ച് കത്ത് നൽകിയതിനെ തുടർന്ന് 30.4.2019-ൽ സെക്ഷൻ ഓഫീസിൽ നിന്നും വസ്തുതകൾ മറച്ചുവെച്ചു തെറ്റിദ്ധരിപ്പിച്ചു കണക്ഷൻ എടുത്തതിനു എതിരെ വിശദീകരണം ചോദിച്ച് കൊണ്ട് ശ്രീ. വിശ്വനാഥന് കത്ത് നൽകി എന്നും എന്നാൽ ശ്രീ.വിശ്വനാഥൻ പെർമനന്റ് ലോക അദാലത്ത്, തിരുവനന്തപുരം മുമ്പാകെ ഒ.പി.നമ്പർ 15/2019 ആയി ഹർജി സമർപ്പിച്ചതിനെ തുടർന്ന് ടി ഓഫീസിൽ നിന്നും അദ്ദേഹത്തിനെതിരെയുള്ള നിയമനടപടികൾ താൽക്കാലികമായി നിർത്തി വയ്ക്കുകയുണ്ടായി എന്നും എന്നാൽ 2 വരി പാതയായിരുന്ന നാഷണൽ ഹൈവേ, 4 വരി പാതയാക്കുന്നതുമായി ബന്ധപ്പെട്ടു നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന വേളയിൽ എൻ.എച്ച് മുറിച്ച് കണക്ഷൻ നൽകുന്നതിന് പി.ഡബ്ല്യു.ഡി. എൻ.എച്ച് വിഭാഗം വാക്കാൽ അനുവാദം നൽകിയതിനെ തുടർന്ന് 3.3.2021-ൽ ശ്രീ.വിശ്വനാഥൻ സമർപ്പിച്ച ആൾട്ടറേഷൻ ഫയൽ സ്വീകരിച്ചു നിലവിൽ

AMC/3864/N എന്ന കണക്ഷനിൽ നിന്നും എച്ച്.എസ്. ബേക്കറിയിലേക്കുള്ള കണക്ഷൻ വിച്ഛേദിച്ചു എൻ.എച്ച്. ൽ കൂടി കടന്നു പോകുന്ന വിതരണ കുഴലിൽ നിന്നും പ്രസ്തുത എച്ച്.എസ് ബേക്കറിയിലേക്ക് നേരിട്ട് കണക്ഷൻ നൽകുകയുണ്ടായി എന്നും ആയതിനാൽ പ്രാഥമികമായി ഡോ. ഗോപിനാഥൻനായർ സമർപ്പിച്ച പരാതിക്ക് ശാശ്വത പരിഹാരം ഉറപ്പാക്കി ഈ പ്രവർത്തികൾ ഉൾപ്പെടെ ടി ഓഫീസിലെ എല്ലാ പ്രവർത്തികളും നിയമപരമായും സുതാര്യവുമായി തന്നെയാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും ശ്രീ. വേണുകുമാർ നൽകിയ എല്ലാ വിവരാവകാശ ചോദ്യങ്ങൾക്കും ടി ഓഫീസിൽ ലഭ്യമായതും സത്യസന്ധവുമായ മറുപടി സമയബന്ധിതമായി നൽകിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ 11 ഇനങ്ങളിലായി 15.4.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിലെ ഒന്നിനു പോലും വ്യക്തമായ മറുപടി നൽകാതെ ബഹു. പെർമനന്റ് ലോക അദാലത്തിൽ കേസ് നിലനിൽക്കുന്നതിനാൽ വിവരങ്ങൾ നൽകുന്നതിന് നിയമപരമായ തടസ്സങ്ങൾ ഉണ്ടെന്നുള്ള വളരെ ലാഘവത്തോടെയുള്ള മറുപടിയാണ് ഒന്നാം എതിർകക്ഷി നൽകിയത് എന്ന് കാണുന്നു. ആയത് ക്രമപ്രകാരമല്ല. വിവരാവകാശ അപേക്ഷകൾ നിരസിക്കുന്നപക്ഷം ആയത് എന്തു കാരണത്താലാണ് നിരസിക്കുന്നത് എന്ന കാര്യം അപേക്ഷകനെ അറിയിക്കേണ്ടതാണ്. കൂടാതെ അപ്രകാരം നൽകുന്ന മറുപടിയിൽ ഇൻഫർമേഷൻ ഓഫീസറുടെ തീരുമാനത്തിനെതിരെ അപ്പീൽ ഫയൽ ചെയ്യേണ്ടുന്ന അപ്പീൽ അധികാരിയുടെ വിലാസം, അപ്പീൽ സമർപ്പിക്കാനുള്ള സമയപരിധി എന്നിവയും മറുപടിയിൽ വ്യക്തമാക്കേണ്ടതാണ്. ആയതിനാൽ മുകളിൽ സൂചിപ്പിച്ച ഇത്തരത്തിലുള്ള വീഴ്ചകൾ ഉണ്ടാകാതെ ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്യേണ്ടതാണെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിക്കുന്നു.

6. ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ ആക്ഷേപം ഉന്നയിച്ചുകൊണ്ട് ഹർജിക്കാരൻ 8.7.2021-ന് സമർപ്പിച്ച ഒന്നാം അപ്പീലിൽ രണ്ടാം എതിർകക്ഷി ഒന്നാം എതിർകക്ഷിയിൽ നിന്നും റിപ്പോർട്ട് തേടിയതായി കാണുന്നുവെങ്കിലും അപ്പീൽ തീർപ്പാക്കിയതായി കാണുന്നില്ല. വിവരാവകാശ നിയമം 19(6) വകുപ്പ് പ്രകാരം അപ്പീൽ അധികാരി അപ്പീൽ കൈപ്പറ്റി 30 ദിവസത്തിനകം അപ്പീൽ തീർപ്പാക്കേണ്ടതാണ്. മാത്രമല്ല അപ്പീൽ തീർപ്പാക്കുന്നത് ഒരു അർദ്ധ ജുഡീഷ്യൽ പ്രവർത്തിയായതിനാൽ നീതി നടപ്പാക്കുക മാത്രമല്ല നീതി നടപ്പാക്കിയെന്ന് ഉറപ്പു വരുത്തേണ്ടതിന്റെയും ഉത്തരവാദിത്വം അപ്പീലധികാരിക്കുണ്ട്. അതിനായി അപ്പീലധികാരി പുറപ്പെടുവിക്കുന്ന ഉത്തരവ്

സ്വയം വിശദീകരിക്കുന്നതുമായിരിക്കണം. എന്നാൽ ഇക്കാര്യത്തിൽ റിപ്പോർട്ട് ലഭ്യമാക്കാൻ ഒന്നാം എതിർകക്ഷിയോട് ആവശ്യപ്പെട്ടുകൊണ്ട് 23.7.2021–ന് കത്ത് അയച്ചതല്ലാതെ മേൽ പരാമർശിച്ച പ്രകാരം അപ്പീൽ തീർപ്പാക്കിയതായി കാണുന്നില്ല. ആയതിനാൽ ഹർജിക്കാരന്റെ അപേക്ഷയിന്മേൽ 25.10.2021–ന് ഒന്നാം എതിർകക്ഷി ലഭ്യമാക്കിയിട്ടുള്ള ഖണ്ഡിക തിരിച്ചുള്ള മറുപടിയിലും ഹർജിക്കാരന് ആക്ഷേപം നിലനിൽക്കുകയാണെങ്കിൽ, ഹർജിക്കാരന്റെ ആക്ഷേപം ദൂരീകരിക്കുന്നതിനായി ബന്ധപ്പെട്ട രേഖകൾ നേരിട്ട് പരിശോധിക്കാനുള്ള എല്ലാ സൗകര്യങ്ങളും രണ്ടാം എതിർകക്ഷി ഹർജിക്കാരന് ചെയ്തു കൊടുക്കേണ്ടതും വിവരാവകാശ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഹർജിക്കാരന്റെ അപ്പീൽ 20.2.2022–നകം തീർപ്പാക്കി രണ്ടാം എതിർകക്ഷി ഉത്തരവാക്കേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഫെബ്രുവരി 4–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി
us